## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 829** **8.3.2012-ൽ മറുപടിക്ക്.**

## കേരളത്തിൽ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ: | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിൽ വാഹനാപകടങ്ങൾ വർദ്ധിക്കുന്നുവെന്നതും, തന്മൂലം അംഗവൈകല്യം സംഭവിക്കുന്നവരുടെയും മരിക്കുന്നവരുടെയും എണ്ണം ദേശീയശരാശരിയേക്കാൾ കൂടുതലാണ് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരളത്തിൽ വാഹനാപകടങ്ങൾ നേരിയ തോതിൽ വർദ്ധിക്കുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ കേരളത്തിലെ റോഡപകടങ്ങളിൽ അംഗവൈകല്യം സംഭവിക്കുന്നവരുടെയും മരണപ്പെടുന്നവരുടെയും എണ്ണം ദേശീയ ശരാശരിയെക്കാൾ കുറവായിട്ടാണ് NCRB യുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. NCRB യുടെ Accident Death and Suicide ൽ പ്രസിദ്ധീകരിച്ച പട്ടിക അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ബി) | വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്: | (ബി) | വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും റോഡ് സൗകര്യങ്ങളും, ട്രാഫിക് പോലീസുകാരുടെ എണ്ണവും അതിനനുസരിച്ച് വർദ്ധിച്ചിട്ടില്ല. വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് വളരെ തീവ്രമായ വാഹന പരിശോധനകളും, മറ്റു നടപടികളും പോലീസ് വകുപ്പ് കൈക്കൊണ്ടു വരുന്നു. ഹൈവേയിൽ അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും |

| | | | | |
|---|---|---|---|---|
| | | | | അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനുമായി ഹൈവേ കളുമായി അടുത്തിടപഴകുന്ന പൗരൻമാരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ സംഘടനകളുടെ സജീവപങ്കാളിത്തത്തോടെ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഹൈവേ ഓരങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ളബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം ക്ളബുകളുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് റോഡ് സുരക്ഷാ ക്ളാസ്സുകൾ ഹൈവേ പോലീസ് എസ്.ഐമാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു.<br>ട്രാഫിക് മേഖലയിൽ പ്രവൃത്തിയെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സ്ഥാപനങ്ങൾ മുഖേന (കേരളാ പോലീസ് അക്കാഡമി, എഞ്ചിനീയറിംഗ് സ്റ്റാഫ് കോളേജ് എന്നിവ ) നൽകി വരുന്നു. കൂടാതെ ഹൈവേ പട്രോൾ വാഹനങ്ങളിൽ പ്രത്യേക പരിശീലനം നൽകിയ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് മൊബൈൽ ട്രാഫിക് എഡ്യൂക്കേഷൻ പാർക്ക് നിർമ്മിക്കുകയും ഇവ സ്കൂളുകൾ/ ജംഗ്ഷനുകൾ എന്നിവ കേന്ദ്രീകരിച്ച് പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. സ്കൂൾ പരിസരങ്ങളിൽ |

| | | | |
|---|---|---|---|
| | | | വാഹനാപകടം കുറയ്ക്കുന്നതിനായി ആയിരത്തിൽപ്പരം സ്കൂളുകൾക്കു മുന്നിൽ വേഗപരിധി ബോർഡുകൾ സ്ഥാപിച്ചു. കൂടാതെ സ്കൂളുകൾക്ക് മുന്നിൽ പെലിക്കൺ ക്രോസ്സിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.<br>റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷിച്ച് ആശുപത്രിയിൽ എത്തിക്കുന്നവരെ ഒരു കാരണ വശാലും ബുദ്ധിമുട്ടിക്കരുത് എന്ന കർശന നിർദ്ദേശം പോലീസ് ആസ്ഥാനത്തു നിന്നും നൽകിയിട്ടുണ്ട്. കൂടാതെ രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി അവർക്ക് അപകടത്തിൽ പരിക്ക് പറ്റുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നതിന് പാരിതോഷികം നൽകുന്നതിനായി പ്ലാൻ സ്കീം 2011-12 ൽ ഉൾപ്പെടുത്തി തുക വകയിരുത്തി യിട്ടുണ്ട്.<br>റോഡ് ഉപയോക്താക്കളിൽ ശരിയായ ട്രാഫിക് സംസ്കാരം വളർത്തുക വഴി റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കാൻ കഴിയും. ഇതിന്റെ ഭാഗമായി പ്രത്യേക ട്രാഫിക് ബോധവൽക്കരണ പരിപാടികൾ കേരള പോലീസ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. റോഡ് സുരക്ഷാ ക്ലാസ്സുകൾ, ചോദ്യോത്തര പരിപാടികൾ, ഫോട്ടോ പ്രദർശനം, ലഘു നാടകം, തുടങ്ങിയവ കേരളത്തിലാകമാനം വിവിധ സ്കൂളുകളിൽ സംഘടിപ്പിച്ചു വരുന്നു. ട്രാഫിക് നിയമങ്ങൾ അടങ്ങിയ ലഘു ലേഖകൾ, പുസ്തകങ്ങൾ തുടങ്ങിയവ അച്ചടിച്ച് വിവിധ |

| | | | |
|---|---|---|---|
| | | | സ്കൂളുകളിലും പൊതു ജനങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിച്ചു വരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെ ട്രാഫിക് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.<br><br>കൂടുതൽ ഫലപ്രദമായ ട്രാഫിക് എൻഫോഴ്സ്മെന്റ് നടപ്പിലാക്കുവാനായി പ്ലാൻ ഫണ്ട്, MoPF , റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് എന്നിവ ഉപയോഗിച്ച് ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളായ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, ആൽക്കോമീറ്ററുകൾ എന്നിവ വാങ്ങി ജില്ലകൾക്ക് നൽകുകയും അവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യുന്നു.<br><br>കാൽനടയാത്രക്കാരുടെ സുരക്ഷിതത്വത്തിന് മുൻഗണന നൽകുന്നതിനായി ഒരു തീവ്രയത്ന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫുട്പാത്തുകളിൽ പാർക്കു ചെയ്യുന്ന വാഹനങ്ങൾ നീക്കം ചെയ്യുകയും, അവയ്ക്കെതിരെ മോട്ടോർ വാഹന നിയമ പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശം എല്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്. കൂടാതെ കവലകളിൽ വലിയ പരസ്യ ബോർഡുകൾ അനുവദിക്കാതിരിക്കുക, സീബ്രാ ക്രോസിംഗിൽ റോഡുമുറിച്ചു കടക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കുക, ജാഗ്രതാ ബോർഡുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുക, റോഡിന്റെ വശങ്ങളിൽ സാധന സാമഗ്രികൾ ഇറക്കി കാൽനടയാത്രക്കാർക്ക് തടസ്സം സൃഷ്ടിക്കുന്നത് തടയുക എന്നീ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.<br>മദ്യപിച്ച് വാഹനമോടിച്ച് അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെന്റ് /റദ്ദാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഇതു കൂടാതെ പ്രധാനമായും താഴെപ്പറയുന്ന കുറ്റകൃത്യങ്ങളെ തടയുന്നതിലേക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. സ്കൂൾ പരിസരങ്ങളിൽ വേഗപരിധി ലംഘിച്ചോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം;<br>2. ഹെൽമറ്റ് ധരിക്കാതെയും അമിതവേഗതയിലും അലക്ഷ്യമായും വാഹനം ഓടിക്കുന്നത് തടയുവാനുള്ള നിർദ്ദേശം;<br>3. സൂചനാ ലൈറ്റുകൾ പ്രകാശിപ്പിക്കാതെ വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ നടപടി എടുക്കുന്നതിനുള്ള നിർദ്ദേശം;<br>4. രാത്രികാലങ്ങളിൽ ഹെഡ്ലൈറ്റുകൾ ഡിം ചെയ്യാതെ വാഹനം ഓടിക്കുന്നത് തടയുവാനുള്ള നിർദ്ദേശം;<br>5. ഇരുചക്രവാഹനയാത്രക്കാർ ഹെൽമറ്റ് നിർബന്ധമായും ധരിക്കുന്നു എന്ന് ഉറപ്പുവരുത്തുവാനുള്ള നിർദ്ദേശം; |

| | | | |
|---|---|---|---|
| (സി) | മദ്യപിച്ചും അശ്രദ്ധമായും വാഹനമോടിക്കുന്നവർക്കെതിരെ എന്ത് നടപടികളാണ് കൈക്കൊണ്ടുവരുന്നത്; | (സി) | മദ്യപിച്ചും അശ്രദ്ധമായും വാഹനം ഓടിക്കുന്നവർക്കെതിരെ പോലീസ് വകുപ്പ് ആൽക്കോമീറ്റർ, സ്പീഡ് റഡാറുകൾ എന്നിവ ഉപയോഗിച്ചും പ്രധാനപ്പെട്ട കവലകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറ സംവിധാനം, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ ഉപയോഗിച്ചും ഇന്റർ സെപ്റ്ററുകൾ, എന്നിവ വഴിയുമുള്ള പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ മോട്ടോർ വാഹന നിയമലംഘനം കണ്ടുപിടിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥർ കർശന വാഹന പരിശോധന നടത്തിയും വരുന്നു. മദ്യപിച്ച് വാഹനമോടിച്ച് അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെന്റ് /റദ്ദാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിനുള്ള കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ വാഹനമോടിക്കുന്നതു മൂലം സംഭവിക്കുന്ന അപകടങ്ങൾക്ക്, പ്രത്യേകിച്ച് മരണം സംഭവിച്ചാൽ, പ്രസ്തുത ഡ്രൈവർമാരുടെ ലൈസൻസ് കണ്ടുകെട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | വാഹനാപകടങ്ങളിൽ മരണം സംഭവിക്കുന്ന കേസുകളിൽ ഡ്രൈവർമാർ മദ്യപിച്ചിരുന്നതായോ അലക്ഷ്യമായോ വാഹനം ഓടിച്ചിരുന്നതായി വെളിവായാൽ പ്രസ്തുത ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ്ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## Table — 1 (J)

### Incidence and Rate of Deaths due to Road Accidents during 2010 (State/UT wise)

| Sl. No. | State/UT | No. of cases of Road Accidents | Total Registered Motor Vehicles as on 31.03.2009 (In 000') | No. of deaths due to Road Accidents in 2010 | Rate of Accidental Deaths per 000' vehicles (Col.5 / Col.4) | Rate of Deaths (Col.5/Col.3) x100 |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| | **STATES:** | | | | | |
| 1 | ANDHRA PRADESH | 42428 | 8059 | 15337 | 1.9 | 36.1 |
| 2 | ARUNACHAL PRADESH | 280 | 22 | 139 | 6.3 | 49.6 |
| 3 | ASSAM | 5485 | 1235 | 2030 | 1.6 | 37.0 |
| 4 | BIHAR | 8441 | 1960 | 4693 | 2.4 | 55.6 |
| 5 | CHHATTISGARH | 7802 | 2115 | 2888 | 1.4 | 37.0 |
| 6 | GOA | 4574 | 674 | 342 | 0.5 | 7.5 |
| 7 | GUJARAT | 20498 | 10999 | 7384 | 0.7 | 36.0 |
| 8 | HARYANA | 11161 | 4425 | 5006 | 1.1 | 44.9 |
| 9 | HIMACHAL PRADESH | 3077 | 494 | 1099 | 2.2 | 35.7 |
| 10 | JAMMU & KASHMIR | 6142 | 668 | 1029 | 1.5 | 16.8 |
| 11 | JHARKHAND | 4228 | 2038 | 2140 | 1.1 | 50.6 |
| 12 | KARNATAKA | 46220 | 6953 | 9574 | 1.4 | 20.7 |
| 13 | KERALA | 35082 | 4860 | 3950 | 0.8 | 11.3 |
| 14 | MADHYA PRADESH | 30127 | 6011 | 8539 | 1.4 | 28.3 |
| 15 | MAHARASHTRA | 50619 | 14451 | 14063 | 1.0 | 27.8 |
| 16 | MANIPUR | 602 | 147 | 153 | 1.0 | 25.4 |
| 17 | MEGHALAYA | 257 | 142 | 184 | 1.3 | 71.6 |
| 18 | MIZORAM | 125 | 70 | 82 | 1.2 | 65.6 |
| 19 | NAGALAND | 44 | 240 | 44 | 0.2 | 100.0 |
| 20 | ODISHA | 9413 | 2607 | 4105 | 1.6 | 43.6 |
| 21 | PUNJAB | 2439 | 4832 | 2133 | 0.4 | 87.5 |
| 22 | RAJASTHAN | 24302 | 6490 | 9163 | 1.4 | 37.7 |
| 23 | SIKKIM | 186 | 29 | 71 | 2.4 | 38.2 |
| 24 | TAMIL NADU | 64996 | 12891 | 15409 | 1.2 | 23.7 |
| 25 | TRIPURA | 901 | 144 | 236 | 1.6 | 26.2 |
| 26 | UTTAR PRADESH | 25418 | 10779 | 15099 | 1.4 | 59.4 |
| 27 | UTTARAKHAND | 1479 | 787 | 917 | 1.2 | 62.0 |
| 28 | WEST BENGAL | 14725 | 3044 | 5470 | 1.8 | 37.1 |
| | **TOTAL (STATES):** | **421049** | **107166** | **131279** | **1.2** | **31.2** |
| | **UNION TERRITORIES:** | | | | | |
| 29 | A & N ISLANDS | 285 | 60 | 27 | 0.5 | 9.5 |
| 30 | CHANDIGARH | 456 | 747 | 136 | 0.2 | 30.3 |
| 31 | D & N HAVELI | 79 | 63 | 62 | 1.0 | 78.5 |
| 32 | DAMAN & DIU | 36 | 70 | 23 | 0.3 | 63.9 |
| 33 | DELHI (UT) | 7220 | 6302 | 2170 | 0.3 | 30.1 |
| 34 | LAKSHADWEEP | 0 | 7 | 0 | 0.0 | 0.0 |
| 35 | PUDUCHERRY | 1529 | 538 | 239 | 0.4 | 15.6 |
| | **TOTAL (UTs):** | **9605** | **7787** | **2659** | **0.3** | **27.7** |
| | **TOTAL (ALL INDIA):** | **430654** | **114953** | **133938** | **1.2** | **31.1** |

***Source:*** for column 4 - 'Road Transport Year Book' of Transport Research Wing, Ministry of Road Transport & Highways, Govt. of India.